# കേരള സർവകലാശാല

നം. പി.ആർ.103/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി പ്രവേശനം : ഒന്നാം ഘട്ട അലോട്ട്മെന്റ് – ഫീസ് ജൂൺ 17 വരെ അടയ്ക്കാം

കേരള സർവകലാശാല 2016–17 അധ്യയനവർഷത്തെ ബിരുദപ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് ലഭിച്ചവർ അഡ്മിഷൻ ഫീസ് അടയ്ക്കേണ്ട അവസാന തീയതി ഇന്ന് (17.06.2016) വൈകുന്നേരം അഞ്ച് മണിവരെയാണ്. അലോട്ട്മെന്റ് ലഭിച്ചവർ അഡ്മിഷൻ ഫീസ് അടയ്ക്കുവാനുള്ള ചെലാൻ പ്രിന്റ്ഔട്ട് എടുത്ത് എസ്.ബി.ടിയുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1360/- രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 675/- രൂപയുമാണ്. അഡ്മിഷൻ ഫീസ് അടച്ചവർ നിശ്ചിത സമയത്തിനകം ലോഗിൻ ചെയ്ത് അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം (ജേണൽ നമ്പർ) നിർബന്ധമായും വെബ്സൈറ്റിൽ നൽകി അലോട്ട്മെന്റ് ഉറപ്പാക്കണം. അല്ലാത്ത പക്ഷം അവരുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രം കോളേജുകളിൽ അഡ്മിഷന് ഹാജരായാൽ മതിയാകും.

### ബി.കോം (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷ

കേരള സർവകലാശാല ജൂണിൽ നടത്തുന്ന നാലാം സെമസ്റ്റർ ബി.കോം (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 21 (50 രൂപ പിഴയോടെ ജൂൺ 22, 250 രൂപ പിഴയോടെ ജൂൺ 23) വരെ അപേക്ഷിക്കാം.

### ബി.ടെക് ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി – 2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ജൂലൈ നാല് വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

### പി.ജി ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ/ എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ലിയു/ എം.പി.എ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി നഴ്സിംഗ് പരീക്ഷ

കേരള സർവകലാശാല ജൂലൈ 11-ന് തുടങ്ങുന്ന രണ്ടാം വർഷ ബി.എസ്സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 18 (50 രൂപ പിഴയൊടെ ജൂൺ 21, 250 രൂപ പിഴയോടെ ജൂൺ 22) വരെ അപേക്ഷിക്കാം.

## വിഷ്വൽ ആർട്സ് ഇൻ പെയിന്റിംഗ്, ആർട്സ് ഹിസ്റ്ററി : അപേക്ഷ തീയതി നീട്ടി

കേരള സർവകലാശാലയുടെ കീഴിലെ രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിലേക്ക് മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ പെയിന്റിംഗ്, മാസ്റ്റർ ഓഫ് ആർട്സ് ഹിസ്റ്ററി എന്നീ കോഴ്സുകളിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ എട്ട് വരെ നീട്ടി. പ്രവേശനപ്പരീക്ഷ ജൂലൈ 15-നും ഇന്റർവ്യൂ ജൂലൈ 25-നും നടത്തും. ക്ലാസുകൾ ആഗസ്റ്റ് മൂന്നിന് ആരംഭിക്കും.

## സെമിനാർ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം കാര്യവട്ടം വേദാന്ത പഠനകേന്ദ്രം, ഹോളിസ്റ്റിക്സ് ഹെൽത്ത് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സംയുക്തമായി അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ജൂൺ 21-ന് 'ജീവിതചര്യ രോഗങ്ങളുടെ നിയന്ത്രണത്തിൽ യോഗയുടെ പങ്ക്' എന്ന വിഷയത്തിൽ ഏകദിന സെമിനാർ നടത്തുന്നു. പ്രോ-വൈസ് ചാൻസലർ ആദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ കേരള ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. എം.കെ.സി നായർ സെമിനാർ ഉദ്ഘാടനം ചെയ്യും. പങ്കെടുക്കാൻ താൽപര്യമുള്ളവർ ജൂൺ 20-നകം 0471-2302523, 9447205669, 9446409948 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക. രജിസ്ട്രേഷൻ ഫീസ് ഇല്ല.

## ചുമതലയേറ്റു

കേരള സർവകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറായി ഡോ. കെ. കെ വേണു ചുമതലയേറ്റു.

## എം.സി.എ പ്രാക്ടിക്കൽ

കേരള സർവകലാശാല മേയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.സി.എ പരീക്ഷയുടെ (റഗുലർ - 2015 സ്കീം & സപ്ലിമെന്ററി - 2011 സ്കീം) പ്രാക്ടിക്കൽ ജൂൺ 20-ന് തുടങ്ങും. വിശദവിവരങ്ങൾ അതത് കോളേജുകളിലും വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2015 മേയ്/ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ പരീക്ഷയുടെ മാർക്ക്ലിസ്റ്റ് ജൂൺ 18, 20, 21 തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ഹാൾടിക്കറ്റ് സഹിതം വന്ന് കൈപ്പറ്റണം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
16.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com    website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**